4 (*313) ഭിന്നതല പഠന കേന്ദ്രങ്ങൾ

ശ്രീ. ടി.എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി.ക്ക് കീഴിൽ സംസ്ഥാനത്ത് ഭിന്നതല പഠന കേന്ദ്രങ്ങൾ (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റേഴ്സ്) ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്ഥലങ്ങളിലാണ് ആരംഭിച്ചിരിക്കുന്നത്;

(സി) പ്രസ്തുത കേന്ദ്രങ്ങളിലെ പഠന സമ്പ്രദായം വിശദീകരിക്കുമോ;

(ഡി) പഠന കേന്ദ്രങ്ങൾക്ക് കെ.ഇ.ആർ. പ്രകാരമുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ഇ) ആദിവാസി-വനമേഖലയിലേയും തീരപ്രദേശങ്ങളിലേയും വിദ്യാഭ്യാസ രംഗത്ത് പ്രസ്തുത കേന്ദ്രങ്ങൾമൂലം ഉണ്ടായിട്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) ആകെ 42 കേന്ദ്രങ്ങളിലാണ് ഭിന്നതല പഠനകേന്ദ്രങ്ങൾ നിലവിലുള്ളത്. അവയുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

കാസർഗോഡ്	-	10
വയനാട്	-	10
മലപ്പുറം	-	10
പാലക്കാട്	-	10
തിരുവനന്തപുരം	-	2

(സി) ആദ്യ ക്ലാസ്സുകളിൽ ചേരുവാൻ സാധിക്കാതെ പോയവർ, സ്കൂളുകളിൽ ചേർന്നശേഷം പഠനം നിറുത്തിയ കുട്ടികൾ തുടങ്ങി വിവിധ നിലവാരത്തിലുള്ള കുട്ടികളെ ഒരുമിച്ചിരുത്തി പഠിപ്പിച്ച് അവരുടെ പ്രാപ്തിയനുസരിച്ച് ക്ലാസ്സുകളിലേയ്ക്ക് പ്രവേശിക്കുവാൻ സഹായിക്കുന്ന ഒരു പരീക്ഷണമാണ്, ഡി.പി.ഇ.പി.യുടെ കീഴിൽ ആരംഭിച്ച ഭിന്നതല പഠനകേന്ദ്രങ്ങൾ. ഇത്തരം ഒരു കേന്ദ്രത്തിൽ 1 മുതൽ 4 വരെ നിലവാരമുള്ള 50-60 കുട്ടികൾ ഉണ്ടാകാം. ഇവർക്കാവശ്യമായ പ്രത്യേക പഠനസാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഠിക്കുന്ന കുട്ടി അഞ്ചാം ക്ലാസ്സു മുതൽക്കോ അതിനു മുമ്പോ മുഖ്യധാരയിലെത്തുന്നു. ഒരു കേന്ദ്രത്തിൽ ഒരു അധ്യാപകനെ വീതം നിയമിച്ചിട്ടുണ്ട്. സഹായം കൂടുതൽ വേണ്ട കുട്ടികളെ അധ്യാപകൻ കൂടുതൽ സമയം സഹായിക്കുകയും മറ്റുള്ളവരെ ആവശ്യാനുസരണം മാത്രം സഹായിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഠന കേന്ദ്രങ്ങൾക്ക് സർക്കാർ അംഗീകാരമുണ്ട്. കെ.ഇ. ആർ.ൽ ഇവയ്ക്ക് അംഗീകാരം നൽകാൻ ഇപ്പോൾ വ്യവസ്ഥയില്ല. ഇക്കാര്യം കെ.ഇ.ആർ. പരിഷ്കരണ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇത്തരം കേന്ദ്രങ്ങൾ തുടങ്ങിയതുമൂലം ആദിവാസി-വന-തീര ദേശമേഖലകളിൽ സ്കൂൾ വിദ്യാഭ്യാസം സാദ്ധ്യമല്ലാതിരുന്ന ഒട്ടേറെ കുട്ടികളെ സ്കൂളിലെത്തിക്കുവാനും എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസമെന്ന ലക്ഷ്യത്തിലേയ്ക്ക് നീങ്ങുവാനും സാധിച്ചിട്ടുണ്ട്.

<u>ശ്രീ. ടി.എസ്. ജോൺ</u> : സർ, ആരാണ് ഇവരെ വീടുകളിൽ പോയി കണ്ടെത്തുന്നത്; എങ്ങനെയാണ് ഇവരെ സ്കൂളിൽ എത്തിക്കുന്നത്; ഈ കേന്ദ്രങ്ങൾ എവിടെയാണുണ്ടാക്കുന്നത്; ഇതിനെക്കുറിച്ച് അങ്ങ് വിശദീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, വളരെ അകലങ്ങളിൽമാത്രം സ്കൂളുകളുള്ള വനപ്രദേശങ്ങൾ, ചില ഒറ്റപ്പെട്ട പ്രദേശങ്ങൾ ഇവയെ കണ്ടെത്തിയിട്ടാണ് ഈ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുള്ളത്. കുട്ടികളെ സ്കൂളിൽ അയയ്ക്കുന്നില്ലായെങ്കിൽ ഇവിടെ നിയമിക്കപ്പെടുന്ന അധ്യാപകനോ അധ്യാപികയോ ആ വീടുകളുമായി ബന്ധപ്പെട്ട് അവരെ സ്കൂളിൽ കൊണ്ടുവരാനുള്ള ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്.

<u>ശ്രീ. ടി.എസ്. ജോൺ</u> : സർ, പഞ്ചായത്തുകളെ ഇതിൽ സഹകരിപ്പിച്ചിട്ടുണ്ടോ എന്നറിയാനാണ് ചോദിച്ചത്. അതുപോലെതന്നെ ഇടുക്കിപോലുള്ള ജില്ലകളിൽ ഷെഡ്യൂൾഡ് ട്രൈബ്സ് താമസിക്കുന്ന വലിയ ഗ്രാമപ്രദേശങ്ങളുണ്ട്. ആ പ്രദേശങ്ങളൊക്കെ ഉൾപ്പെടണ്ടേ; ഇത് മറ്റു ജില്ലകളിലേയ്ക്കും കൂടി വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, ഡി.പി.ഇ.പി. നടപ്പാക്കിയിട്ടുള്ള ആറു ജില്ലകളിലാണ് ഈ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുള്ളത്. ഈ വർഷം 20 കേന്ദ്രങ്ങൾകൂടി തുടങ്ങുന്നുണ്ട്. അതിൽ ഇടുക്കിയുമുൾപ്പെടും.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഇത് തുടങ്ങിയിരിക്കുന്ന സെന്ററുകളിലെത്തുന്ന തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നതിന്, അവർക്ക് ക്ലാസ്സ് എടുക്കുന്നതിനുവേണ്ടി ഒരധ്യാപകനാണ് ഒരു സെന്ററിലുള്ളതെന്ന് അങ്ങ് പറയുകയുണ്ടായി. ഡി.പി.ഇ.പി.യുടെ മറ്റ് അധ്യാപകർക്ക് പരിശീലനം നൽകുന്നതുപോലെ ഈ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് കൂടുതലായി ശ്രദ്ധിക്കേണ്ട ഒരു മേഖലയാണ്.

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, പ്രത്യേക പരിശീലനം നൽകുന്നുണ്ട്, ഇത് തുടങ്ങിയ സെന്ററുകൾ വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഇപ്രാവശ്യം 20 സെന്ററുകൾ കൂടി തുടങ്ങുന്നതായി അങ്ങ് വ്യക്തമാക്കുകയുണ്ടായി. ഇതിൽ ഇടുക്കി ഉൾപ്പെടെയുള്ള ജില്ലകൾ വരുന്നു എന്നുപറഞ്ഞു. ആദിവാസി-വനം മേഖല, തീരപ്രദേശങ്ങൾ അല്ലാതെയുള്ള മറ്റുമേഖലകൾ, ഉദാഹരണത്തിന്, കോട്ടയമുൾപ്പെടെയുള്ള ജില്ലകളിൽ ആദ്യ സന്ദർഭത്തിൽ ക്ലാസ്സിന് ചേരാൻ കഴിയാതെവരും അതുപോലെതന്നെ ക്ലാസ്സിൽ ചേർന്നതിനുശേഷം പിന്നീട് പഠനം നിർത്തിയവരുമായ കുട്ടികളുണ്ട്. അത്തരം കുട്ടികൾക്കു കൂടി പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിയുന്ന നിലയിൽ സെന്ററുകളാരംഭിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ് : സർ, ഇതൊരു പുതിയ പരീക്ഷണമാണ്, ഡി.പി.ഇ.പി. തുടങ്ങിയിട്ടുള്ള 6 ജില്ലകളിൽ ആണ് ഇത് തുടങ്ങിയിട്ടുള്ളത്. ഇവിടെയുള്ള അധ്യാപകർക്ക് ശമ്പളം നൽകുക, മറ്റു സൗകര്യങ്ങളേർപ്പെടുത്തുക ഇതെല്ലാം ഡി.പി.ഇ.പി.യുടെ കീഴിലാണ് നടപ്പാക്കുന്നത്. ഇതൊരു വിജയമാണെന്നുകണ്ടാൽ മറ്റു ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. പി.സി. ജോർജ്ജ് : സർ, സംസ്ഥാനത്ത് ഡി.പി.ഇ.പി. എന്ന വാക്ക് വളരെയധികം ഉപയോഗിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു. ഡിസ്ട്രിക്ട് പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം അങ്ങനെയൊരു വിദ്യാഭ്യാസ പദ്ധതിയുണ്ടോ? എനിക്കൊരു സംശയമാണ്. ആറു ജില്ലകളിൽ ഡി.പി.ഇ.പി. നടപ്പാക്കുന്നു, സമ്മതിച്ചു. അത് പ്രൈമറി വിദ്യാഭ്യാസ പദ്ധതിയല്ലേ? എന്നാൽ ഡി.പി.ഇ.പി. എന്നൊരു പദ്ധതിയുണ്ടോ? ഇവിടെ സഭയ്ക്കകത്തും പുറത്തും വലിയ സാഹിത്യകാരൻമാരുമൊക്കെ ഡി.പി.ഇ.പി.യെക്കുറിച്ച് ചർച്ചയാണ്. ആറു ജില്ലകളിൽ നടപ്പാക്കി, സമ്മതിച്ചു. കേരളം മുഴുവൻ നടപ്പാക്കിക്കഴിഞ്ഞാൽ അതെങ്ങനെ ഡി.പി.ഇ.പി.യാകും? അങ്ങനെയൊരു തെറ്റിദ്ധാരണ ഈ സംസ്ഥാനത്തുള്ളതുകൊണ്ട് അത് മാറ്റുന്നതിന് ഈ പദ്ധതിയെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്; ആ കാര്യത്തെപ്പറ്റി എന്തു കാഴ്ചപ്പാടാണ് അങ്ങേയ്ക്കുള്ളത്?

ശ്രീ. പി.ജെ. ജോസഫ് : സർ, ഡി.പി.ഇ.പി.ക്കു മാത്രമായി ഈ ആറു ജില്ലകളിൽ നടപ്പാക്കുന്ന കുറെ പ്രോഗ്രാമുകളുണ്ട്. എന്നാൽ പാഠ്യപദ്ധതി പരിഷ്കാരം ആദ്യം ഡി.പി.ഇ.പി. നടപ്പാക്കിയ ജില്ലകളിൽ നടപ്പാക്കി എന്നുള്ളത് പിന്നീട് 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചു. അതുകൊണ്ട് പാഠ്യപദ്ധതി പരിഷ്കാരം 14 ജില്ലകളിലുമുള്ളതാണ്. ഇങ്ങനെയുള്ള പ്രത്യേക പരിപാടികൾ ഈ സ്കീമിൽപ്പെടുത്തിക്കൊണ്ട് ഈ 6 ജില്ലകളിലും മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റേഴ്സ് തുടങ്ങാൻ നമുക്ക് വിദ്യാഭ്യാസ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. അതുകൊണ്ട് മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റേഴ്സ് പ്രത്യേക സ്കീമിലാണ് തുടങ്ങിയിട്ടുള്ളത്. ഇത് വിജയിച്ചാൽ മറ്റു സ്ഥലങ്ങളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. പി.സി. ജോർജ്ജ് : സർ, എന്റെ ചോദ്യത്തിൽ പകുതിയേ അദ്ദേഹം ഉൾക്കൊണ്ടിട്ടുള്ളൂ എന്നുതോന്നുന്നു. ഡി.പി.ഇ.പി. എന്നുപറഞ്ഞ ഡിസ്ട്രിക്ട് പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം 6 ജില്ലകളിൽ നടപ്പാക്കിയെന്നു പറഞ്ഞു. സംസ്ഥാനത്തിലെ 14 ജില്ലകളിലും നടപ്പാക്കിക്കഴിഞ്ഞാൽപ്പിന്നെ ഡി.പി.ഇ.പി. ഇല്ല. അതല്ലേ ശരി? ഞാൻ അതാണ് ചോദിച്ചത്. ഏതു പത്രമെടുത്താലും ഡി.പി.ഇ.പി. കാണുന്നു. ആ തെറ്റിദ്ധാരണ ഇവിടെ ചർച്ച ചെയ്യപ്പെടുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്. അതുപോലെ ഡി.പി.ഇ.പി. 6 ജില്ലകളിൽ നടപ്പാക്കി, അതിന്റെ കീഴിലാണ് ഈ കേന്ദ്രങ്ങളെന്ന് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. അവിടെ പഠിക്കാനുള്ള കുട്ടികളെ കണ്ടെത്തുന്നതിനെക്കുറിച്ചുള്ള ബഹുമാനപ്പെട്ട കല്ലുപ്പാറ അംഗത്തിന്റെ ചോദ്യത്തിനുത്തരമായി, പഠിക്കാതെ നിറുത്തിപ്പോയ കുട്ടികളെ പലരീതിയിൽ കൊണ്ടുവരുന്നു എന്നാണ് പറഞ്ഞത്. ഇത് തുടർവിദ്യാഭ്യാസ സ്കീമിൽപ്പെടുത്തുകയാണെങ്കിൽ കൂടുതൽ വിദ്യാർത്ഥികളെ കണ്ടെത്താൻ കഴിയില്ലേ? അവിടെ വന്നെത്തുന്ന വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം കൊടുക്കാനുള്ള അറേഞ്ച്മെന്റ് ചെയ്തിട്ടുണ്ടോ; ഉച്ചഭക്ഷണം കൊടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഡി.പി.ഇ.പി.യിൽ വിവിധ ഘടകങ്ങളുണ്ട്, ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പ്രൊവിഷനുണ്ട്. അതിനുവേണ്ടി പ്രത്യേക സഹായവുമുണ്ട്. അത് ഈ 6 ജില്ലകളിൽ മാത്രമുള്ളതാണ്. എന്നാൽ പാഠ്യപദ്ധതി പരിഷ്കാരം ഈ 6 ജില്ലകളിൽ നടപ്പാക്കിയത് ഒരുനയമായി സ്വീകരിച്ച് കേരളത്തിലെ മുഴുവൻ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും. ഈ പാഠ്യപദ്ധതി പരിഷ്ക്കാരത്തെ ഡി.പി.ഇ.പി. എന്നുപറയുന്നത് ശരിയല്ലെന്നുള്ള മെമ്പറുടെ അഭിപ്രായത്തോട് യോജിക്കുന്നു. പക്ഷേ ഡി.പി.ഇ.പി.ക്കുമാത്രമായിട്ടുള്ള കുറെ സ്കീമുകളുണ്ട്. കുട്ടികൾക്ക് ഭക്ഷണം കൊടുക്കാനുള്ള ഏർപ്പാടുണ്ട്, ഈ സ്കൂളുകളിലെല്ലാം ഉച്ചഭക്ഷണം നൽകുന്നുണ്ട്.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, ആദിവാസി-വനമേഖലയിൽ പ്രത്യേകിച്ച് പറമ്പിക്കുളത്ത് വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യം വളരെ കുറവാണ്. ചുങ്കം കോളനിയിൽ താമസിച്ച് പഠിക്കാൻ വരുന്ന വിദ്യാർത്ഥികൾക്ക് എല്ലാപേർക്കും താമസിച്ച് പഠിക്കാനുള്ള സൗകര്യവുമില്ല. പറമ്പിക്കുളം മേഖലയിലെ സ്കൂളിൽ പഠിപ്പിക്കാൻ അധ്യാപകർ ഉണ്ടാകുകയില്ല, താൽക്കാലിക നിയമനം ലഭിച്ച ആളുകൾപോലും ജോലിയിൽ പ്രവേശിക്കാറില്ല, ജോലിയിൽ പ്രവേശിക്കുന്നവർ അവിടെ ഉണ്ടാകുകയുമില്ല. ഈ പരിതസ്ഥിതിയിൽ ആദിവാസി-വനമേഖലയിലെ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ പ്രത്യേക റിക്രൂട്ട്മെന്റ് നടത്തി, പ്രത്യേക ആനുകൂല്യവും സൗകര്യവും നൽകി അധ്യാപകരെ സ്ഥിരമായി നിയമിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, പാലക്കാട് ഡി.പി.ഇ.പി.യിൽപ്പെട്ട ഒരു ജില്ലയെന്നുള്ള നിലയിൽ പറമ്പിക്കുളം മേഖലയിലും മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ തുടങ്ങുന്ന കാര്യം പ്രത്യേകമായി ആലോചിക്കാം. അവിടെ അധ്യാപകരെ നിയമിക്കുന്നത് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള കമ്മിറ്റിയാണ്. എസ്.എസ്.എൽ.സി. യോഗ്യതയുണ്ടായിരിക്കണം എന്ന് വ്യവസ്ഥയുണ്ട്. അധ്യാപകരായി തെരഞ്ഞെടുക്കുന്നത് ആ പ്രദേശത്തുള്ളവരെത്തന്നെയാണ്. അതുകൊണ്ട് ദൂരെയുള്ള അധ്യാപകർ വരുകയില്ല എന്നുള്ളത് ഒഴിവാക്കാൻ കഴിയും. ലോക്കലായിട്ടുള്ള ആളുകളെ തെരഞ്ഞെടുക്കുമ്പോൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് തയ്യാറാകും.

ശ്രീ. എം.വി. ജയരാജൻ : സർ, ഭിന്നതല പഠനകേന്ദ്രങ്ങൾ വന്നത് പ്രാഥമിക വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായിട്ടുള്ള പദ്ധതിയായിട്ടാണെങ്കിലും സാധാരണയായിട്ട് അതിൽ ആദിവാസികളും വനമേഖലകളിലും തീര പ്രദേശങ്ങളിലുമുള്ളവരെയാണ് പ്രധാനമായും ഉൾപ്പെടുത്തുന്നത്. നമുക്ക് സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ കഴിഞ്ഞതിന്റെ ഒരു പ്രധാന ഘടകം ജനകീയ കമ്മിറ്റികളും, ജനകീയ പ്രസ്ഥാനവും അതിന്റെ പിന്നിൽ പ്രവർത്തിച്ചതുകൊണ്ടാണ്. നമ്മുടെ സ്കൂളുകളിലെ വിവിധ സ്റ്റാൻഡേർഡുകളിലുള്ള ഡ്രോപ് ഔട്ട് ഒഴിവാക്കാൻ ഭിന്നതല പഠന കേന്ദ്രങ്ങൾ - അത്യാവശ്യംവേണ്ട പ്രദേശങ്ങൾ കണക്കിലെടുത്ത് കോളനികളിലുൾപ്പെടെ - കേരളത്തിന്റെ ഒരു പദ്ധതിയാക്കി മാറ്റാൻ കെ.ഇ.ആറിൽ മാറ്റംവരുത്തിക്കൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; അതിന് ജനകീയ കമ്മിറ്റികളുണ്ടാക്കാൻ പരിശ്രമിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, അത്തരം മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ എത്രമാത്രം പ്രയോജനകരമാകുമെന്നുള്ളത് അനുഭവങ്ങളുടെ അടി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്തിൽ മനസ്സിലാക്കിയതിനുശേഷം മറ്റ് ജില്ലകളിൽ തുടങ്ങുന്ന കാര്യം പ്രത്യേകമായി ആലോചിക്കുന്നതാണ്. ഇന്നുള്ള ഈ സെന്ററുകളെപ്പറ്റി വിലയിരുത്തൽ നടത്തിയതിനുശേഷം ഇക്കാര്യത്തിൽ അവസാന തീരുമാനം എടുക്കുന്നതാണ്.

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : സർ, ഡി.പി.ഇ.പി. എന്ന് കേൾക്കുമ്പോൾ കലിതുള്ളേണ്ട കാര്യമൊന്നുമില്ല, അത് പ്രയോജനകരമാണ് എന്നാണ് എന്റെ അഭിപ്രായം. ഇതിലുള്ള വൈകല്യങ്ങൾ മാറ്റും മാറ്റും എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ടെങ്കിലും പഠിപ്പിക്കാൻ വരുന്ന അദ്ധ്യാപകർക്ക് ഇതെന്താണെന്നത് ഇതുവരേയും ദഹിച്ചിട്ടില്ല എന്നാണ് തോന്നുന്നത്. അധ്യാപകർക്കും, കുട്ടികൾക്കും, രക്ഷകർത്താക്കൾക്കുമുള്ള സംശയം ദൂരീകരിക്കത്തക്കവിധത്തിൽ ഇക്കാര്യത്തിൽ ഒരു മാറ്റമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, മാറിമാറി വരുന്നുണ്ട്. ഇത്തവണ കേരളത്തിൽ 43,000 പ്രൈമറി അധ്യാപകരുള്ളതിൽ 36,000 പേരും ഈ പരിശീലനത്തിന് പോയിട്ടുണ്ട്. പരിശീലനത്തിന് പോയിവന്ന അധ്യാപകരുമായിക്കൂടി ബന്ധപ്പെടുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. പി. വിശ്വൻ</u> : സർ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റേഴ്സ് കുറേക്കൂടി ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ? അതായത് ഒന്നാം ക്ലാസ്സിൽ ചേരാൻ കഴിയാത്തവർ, ഒന്നാം ക്ലാസ്സിലും രണ്ടാം ക്ലാസ്സിലും മൂന്നാം ക്ലാസ്സിലും ചേർന്നിട്ട് കൊഴിഞ്ഞുപോകുന്നവർ, തീരപ്രദേശങ്ങളിലെ ആളുകൾ ഇവരൊക്കെ ധാരാളമുണ്ട്. ജനവിദ്യാ കേന്ദ്രങ്ങളിൽ കൊഴിഞ്ഞുപോകുന്ന കുട്ടികളെ കൊണ്ടുവരാനും, സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി അക്ഷരം പഠിപ്പിക്കുന്നതിനോടൊപ്പം തന്നെ തൊഴിലുമായി ബന്ധപ്പെടുത്തി അവരെ പരിശീലിപ്പിച്ചെടുക്കാനുള്ള നടപടികളും ഉണ്ട്. അതുകൊണ്ട് ഈ പദ്ധതി കുറെക്കൂടി ജനകീയ പങ്കാളിത്തത്തോടെ ജനവിദ്യാ കേന്ദ്രങ്ങളെക്കൂടി പങ്കെടുപ്പിച്ച് വിപുലപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ? അങ്ങനെയാണെങ്കിൽ അതിന് സാമ്പത്തിക സഹായം ഏതുരൂപത്തിൽ കൊടുക്കാൻ കഴിയുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഈ സ്കീമിൽ തൊഴിൽ പരിശീലനം ലഭ്യമല്ല. സ്കൂളിൽ ചേരാൻ കഴിയാത്ത കുട്ടികളെ നിലവാരമനുസരിച്ച് ഒരു സെന്ററിൽ കൊണ്ടുവരിക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. സ്കൂളിൽ ചേരുന്നതിനുള്ള ഒരു ഇടത്താവളം മാത്രമാണ് ഇത്. അഞ്ചാം ക്ലാസ്സിലോ, അതിന് മുൻപോതന്നെ സ്കൂളിൽ ചേർക്കാനുള്ള ഒരു പരിശീലനം മാത്രമേ ഇവിടെയുള്ളൂ.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, ഡി.പി.ഇ.പി. എന്ന് വിശേഷിപ്പിക്കുന്ന ഈ പുതിയ പാഠ്യപദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളേയും, ഞാൻ ഉദ്ദേശിക്കുന്നത് അൺ എയിഡഡ് സ്കൂളുകളെക്കൂടി ഉൾപ്പെടുത്താൻ തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഈ പാഠ്യപദ്ധതി പരിഷ്കാരം അഞ്ചാം ക്ലാസ്സിലേയ്ക്കും ആറാം ക്ലാസ്സിലേയ്ക്കും ആയിരിക്കുന്നു. അൺ എയിഡഡ്, റെക്കഗ്നൈസ്ഡ് സ്കൂളുകളിൽ ഒക്കെ അഞ്ചാം ക്ലാസ്സ് മുതൽ ഇംഗ്ലീഷ് മീഡിയത്തിന് അംഗീകരിച്ച ഒരു പാഠ്യപദ്ധതിയുണ്ട്. നമുക്ക് പ്രൈമറി തലത്തിൽ ഗവൺമെന്റ് അംഗീകരിച്ച ഒരു പാഠ്യപദ്ധതി ഇല്ല. ഗവൺമെന്റ് അംഗീകരിച്ച

LIBRARY ARCHIVES Kerala Legislative Assembly

പാഠ്യപദ്ധതി അഞ്ചാം ക്ലാസ്സ് മുതൽ ഇംഗ്ലീഷ് മീഡിയത്തിലും ഉണ്ട്; അഞ്ചാം ക്ലാസ്സ് മുതൽ നടപ്പാക്കുന്നുണ്ട്.

5 (*315) പട്ടികവർഗ്ഗ കോളനികളിലെ ആരോഗ്യ പരിരക്ഷ

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളിലെ കുടുംബാംഗങ്ങൾക്ക് വേണ്ടി യുള്ള ആരോഗ്യ പരിരക്ഷയുടെ ഭാഗമായി എന്തെല്ലാം ചികിത്സാ സംവിധാന ങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ട്രൈബൽ മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന പരാതി സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(സി) ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള യൂണിറ്റിന്റെ ഘടന വ്യക്തമാക്കുമോ;

(ഡി) ഈ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃ ഷ്ണൻ) :

(എ) പട്ടികവർഗ്ഗ കോളനികളിലെ കുടുംബാംഗങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്കായി താഴെപ്പറയുന്ന ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു:

ആയുർവേദ ഡിസ്പെൻസറികൾ	-	17
ആയുർവേദ ആശുപത്രി	-	1
മിഡ്വൈഫറി സെന്റർ	-	3
അലോപ്പതി ഡിസ്പെൻസറി	-	1
സഞ്ചരിക്കുന്ന ചികിത്സാ ഘടകം	-	2

കൂടാതെ വയനാട് ജില്ലയിൽ ഒരു ഹെൽത്ത് പ്രോജക്ടും അട്ടപ്പാടി യിൽ എല്ലാ സൗകര്യങ്ങളുമുള്ള ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭി ക്കുന്നതിന്റെ ഭാഗമായി ഒരു ഔട്ട് പേഷ്യന്റ് വിഭാഗവും പ്രവർത്തിക്കുന്നു. ഇടു ക്കിയിൽ എല്ലാ സജ്ജീകരണങ്ങളുമുള്ള ഒരാശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ സോഷ്യൽ വെൽഫെയർ, വനം, ആരോഗ്യം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ മെഡിക്കൽ ന്യൂട്രീഷൻ ക്യാമ്പുകൾ നടത്തുകയുണ്ടായി. ടി.ബി., ലെപ്രസി എന്നീ രോഗ ങ്ങളെക്കുറിച്ച് സർവ്വേ നടത്തി മരുന്നുകൾ വിതരണം നടത്തിയിട്ടുണ്ട്. ഇതിനു പുറമേ 13 മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) തൊടുപുഴ, നെടുമങ്ങാട് എന്നിവിടങ്ങളിലായി രണ്ട് മെഡി ക്കൽ യൂണിറ്റുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കു ന്നുണ്ട്. നെടുമങ്ങാട് യൂണിറ്റിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,

LIBRARY ARCHIVES Kerala Legislative Assembly